**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - കോട്ടയം അയർക്കുന്നം ഗ്രാമപഞ്ചായത്ത് കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവഴിക്കപ്പെട്ട അധികതുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 421/2019/തസ്വഭവ                തിരുവനന്തപുരം, തീയതി, 26/02/2019

പരാമർശം:- 1. അയർകുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2017 ലെ എ 3-2038/17 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 03/08/2018 ലെ ജി1-44287/17 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 20 വരെയുള്ള വാർഡുകളിൽ ടാങ്കുകളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരായ ശ്രീ.ജെയ്മോൻ എബ്രഹാം, ശ്രീ. ബിബിൻ എബ്രഹാം, ശ്രീ. എബ്രഹാം ജോർജ്ജ് എന്നിവർക്ക് ബാക്കി നൽകേണ്ട തുകയായ 5,03,750/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകണമെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. 1 മുതൽ 20 വരെയുള്ള വാർഡുകളിൽ 6,00,750/- രൂപയ്ക്ക് 5000 ലിറ്റർ കുടിവെള്ളം 445 ലോഡുകൾ വിതരണം നടത്തിയിരുന്നു, ആയതിൽ നാളിതുവരെ നൽകിയ തുക 97,200/- രൂപ മാത്രമാണ് ബാക്കി തുകയായ 5,03,750/- രൂപ നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 20 വരെയുള്ള വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ശ്രീ.ജെയ്മോൻ എബ്രഹാം, ശ്രീ. ബിബിൻ എബ്രഹാം, ശ്രീ. എബ്രഹാം ജോർജ്ജ് എന്നിവർക്ക് ബാക്കി നൽകേണ്ട തുകയായ 5,03,750/- രൂപ (അഞ്ച് ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി അൻപത് രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ് റ്റി,
**അണ്ടർ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
പ്രസിഡന്റ്/സെക്രട്ടറി, അയർക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ